## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 6741

12.07.2012-ൽ മറുപടിക്ക്.

### സീപ്ലെയിൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.സുധാകരൻ<br>ശ്രീ. സി.കെ. സദാശിവൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സിയും ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; റിപ്പോർട്ട് തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) പദ്ധതി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങൾ ഏതൊക്കെയാണ്; പദ്ധതിക്ക് എത്ര സ്ഥലം എവിടെയെല്ലാം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;<br><br>(സി) പദ്ധതി റിപ്പോർട്ട് പ്രകാരം പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര; സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ഡി) ഏത് റൂട്ടിൽ ഗതാഗതം നടത്തനാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്; കെ.എസ്.ഐ.ഡി.സി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി),(സി)&(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, വയനാട്, ബേക്കൽ, കൊച്ചി, കോഴിക്കോട്, എന്നീ പത്ത് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ സീപ്ലെയിൻ മൂലം ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് ലഭിച്ചതിനു ശേഷം മാത്രമേ സ്ഥലത്തെക്കുറിച്ചും, മൊത്തം ചെലവിനെ കുറിച്ചും റൂട്ടിനെക്കുറിച്ചും, മറ്റ് പദ്ധതി നടത്തിപ്പിനെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ